# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 733** **05.06.2018-ൽ മറുപടിക്ക്**

ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ഇടമലയാർ ഡാമിനോടനുബന്ധിച്ച് ഒരു ബൊട്ടാണിക്കൽ ഗാർഡനും പാർക്കും നിർമ്മിക്കാൻ ഉദ്ദേശമുണ്ടെങ്കിലും വനം വകുപ്പിന്റെ എതിർപ്പ് കാരണം പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | സർക്കാരിന്റെ രണ്ടാം വാർഷിക പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്ത് ഇടുക്കി ഉൾപ്പെടെയുള്ള പത്തോളം പ്രൊജക്ട് മേഖലയിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതിന്റെ ഭാഗമായി ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയും പ്രാവർത്തികമാക്കുമോ; | (ബി) | ഇടമലയാർ പദ്ധതി പ്രദേശത്ത് ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ പദ്ധതി പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇടമലയാർ, ഭൂതത്താൻകെട്ട് മേഖലയിൽ നൂറു കണക്കിന് ടൂറിസ്റ്റുകൾ പ്രതിദിനം സന്ദർശിക്കുന്നതിനാൽ ഇവർക്ക് ഇടമലയാർ പ്രൊജക്ട് മേഖലയിൽ പ്രവേശിക്കുന്നതിന് നിലവിലുള്ള നിയന്ത്രണം ഒഴിവാക്കുമോ എന്നറിയിക്കാമോ? | (സി) | ഭൂതത്താൻകെട്ട് മേഖലയിൽ നിലവിൽ സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഇടമലയാർ പ്രോജക്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വൈദ്യുതി നിലയമായതിനാൽ അത് നിരോധിത മേഖലയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ടൂറിസ്റ്റുകൾക്ക് നിലവിലുള്ള നിയന്ത്രണം ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ